• **നിലപാട്**

# ജനവിരുദ്ധ സെസ്സുകളെ ജനകീയപ്രക്ഷോഭങ്ങളിലൂടെ ചെറുക്കുക

**സെസ്സുകൾ ജനാധിപത്യ സ്ഥാപനങ്ങളുടെ തരംതാഴ്ത്തപ്പെടലാണ്. ഇന്ത്യൻ ഭരണഘടനയുടെ സ്വഭാവത്തിന് കടകവിരുദ്ധമായാണ് സെസ്സുകൾ രൂപകൽപ്പന ചെയ്യപ്പെട്ടിരിക്കുന്നത്. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനത്തിന് സെസ്സിൽ സ്ഥാനമില്ല. സെസ്സുകൾ സ്ഥാപിക്കാൻ മത്സരിക്കുന്ന ഭരണകൂടങ്ങൾ ഇന്ത്യൻ ഭരണകൂടത്തെത്തന്നെയാണ് വെല്ലുവിളിക്കുന്നത്. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും സെസ്സുകളുടെ പേരിൽ ഭൂമിയേറ്റെടുക്കൽ നടക്കുകയും അതിനെതിരെ നിരവധി പരാതികളും സമരങ്ങളും ഉയർന്നുവരികയും ചെയ്യുന്നുണ്ട്. സാധാരണ ജനങ്ങൾക്ക് ഇടപെടാനുള്ള സാമ്പത്തിക തലം ഇത്തരം അതിസമ്പന്ന നിക്ഷേപങ്ങൾ തകർത്തുകൊണ്ടിരിക്കുന്നു. സെസ്സുകൾക്ക് സർക്കാറുകൾ ഇളവുകൾ നൽകുന്നതുമൂലം സമൂഹത്തിൽ നിക്ഷേപം വളരെ താഴത്തായിത്തന്നെ നിൽക്കും. ഇതിൽനിന്നുള്ള റവന്യൂ നഷ്ടം സഹിക്കുന്നതും പാവം ജനങ്ങളും. പൊതുജനക്ഷേമത്തിന് പണമില്ലാതെ കമ്മി ബജറ്റുകൾ അവതരിപ്പിച്ച് തള്ളുമ്പോഴും സെസ്സുകൾക്ക് നികുതി ഇളവുകൾ നൽകുന്നതിന് സംസ്ഥാനങ്ങൾ മത്സരിക്കുന്നത് അത്യന്തം ദാരുണമായ കാഴ്ചകളാണ് നമ്മുടെ ജനാധിപത്യവ്യവസ്ഥയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സെസ്സുകൾക്കെതിരെ സ്വീകരിക്കേണ്ട നിലപാടെന്താണ്?**

ജൂലൈ 6ന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ ചേർന്ന സെസ്സിനെതിരെയുള്ള ജനകീയ ഓഡിറ്റ് സമിതിയുടെ ചർച്ചകളും തീരുമാനങ്ങളുമാണ് താഴെ കൊടുത്തിരിക്കുന്നത്. പലകാര്യങ്ങളിലും പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ചില പ്രശ്നങ്ങൾ ആലോചയ്ക്കേണ്ടവയാണ്.

രണ്ടു സമാന്തര പരിപാടികൾ നാം രൂപവല്ക്കരിക്കണം.

1. സെസ്സിനെതിരേയുള്ള ജനകീയ ഓഡിറ്റ്
2. ജനകീയ ട്രിബ്യൂണൽ.
   അപ്പോഴപ്പോൾ കാര്യങ്ങൾ വിശകലനം ചെയ്യാൻ ഒരു ഉപദേശക സമിതിയും രൂപീകരിയ്ക്കണം. ട്രിബ്യൂണൽ ഓഫീസ് ഡൽഹിയിലായിരിക്കണമെന്നതുകൊണ്ട് ഡൽഹിയിൽ കുറേകൂടി പ്രവർത്തകരെ നമുക്കുവേണം. ട്രിബ്യൂണൽ അംഗങ്ങളാകാൻ സാധ്യതയുള്ളവരുടെ ഒരു മീറ്റിംഗ് ഉടനേ വിളിച്ചു കൂട്ടുന്നുണ്ട്. തന്ത്രപരമായി ആദ്യം പുതിയ സെസ്സുകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്താനും പിന്നീട് സെസ്സ് നിയമങ്ങൾ റദ്ദാക്കി കിട്ടാനുമാണ് നമ്മുടെ നീക്കം.
3. ഗുജറാത്ത്, ആന്ധ്ര, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽനിന്നുമുള്ള ആളുകൾ ജനകീയ ഓഡിറ്റിനോട് കൂടുതൽ താത്പര്യം കാണിക്കുന്നതുകൊണ്ട് കൂടുതൽ സൂക്ഷ്മമായ പ്രത്യേക ജനകീയ ഓഡിറ്റുകൾ പ്ലാൻ ചെയ്യാം.
4. മറ്റൊരു നല്ല അഭിപ്രായം രൂപപ്പെട്ടിട്ടുള്ളത് എന്തെന്നുവച്ചാൽ ഇപ്പോൾ ഗോവയെ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തി ഗോവയിലെ സെസ്സിനെ റദ്ദാക്കാൻ സാധിച്ചാൽ അത് മറ്റ് സംസ്ഥാനങ്ങൾക്കും ബാധകമാക്കാൻ പറ്റുമെന്നാണ്. അതല്ലെങ്കിൽ, അനേകം നിക്ഷേപകർ കേന്ദ്രീകരിച്ചിട്ടുള്ള മഹാരാഷ്ട്രയിൽ ഇതേ തന്ത്രം തന്നെ പ്രയോഗിച്ചു നോക്കാം.
5. പ്രായോഗികമായി ഈ വക സംഗതികൾ കൈകാര്യം ചെയ്യാൻ ആത്മാർത്ഥതയുള്ള പ്രവർത്തകരും വേണം. മെട്രോ നഗരങ്ങളിലെ ചില സ്ഥാപനങ്ങളെ ചുറ്റിപ്പറ്റി ആളുകളുണ്ടെങ്കിലും ഇനിയും സഹായികളെ ആവശ്യമുണ്ട്.
6. കൃത്യമായ ഒരു ബജറ്റ് ഇത്തരം സമാന്തര പരിപാടികൾക്കുണ്ടാകണം.

